സാധിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ശേഷം സമർപ്പിച്ച ബില്ലുകളുടെ തുക മാത്രമാണ് അനുവദിച്ചിരുന്നത്. 2016 ഏപ്രിൽ, മേയ് മാസങ്ങളിലും പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ 30-5-2016 വരെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ശേഷം സമർപ്പിച്ച ബില്ലുകളുടെ തുക മാത്രമാണ് അനുവദിച്ചുനൽകിയത്. 16-6-2016-ൽ ഫെബ്രുവരി മാസത്തിൽ തുക അനുവദിക്കാതിരുന്ന ഡെപ്പോസിറ്റ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അവയുടെ സീനിയോറിറ്റി അനുസരിച്ച് തുക അനുവദിച്ചു തുടങ്ങിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തെ നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ട് മാത്രമേ പാസ്സായിട്ടുള്ളൂ. അതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ 1/3 മാത്രമേ അനുവദിക്കാൻ കഴിയുമായിരുന്നുള്ളൂ. പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയശേഷം നാളിതുവരെ അനുവദിക്കാതിരുന്ന എല്ലാ തുകകളും അനുവദിച്ച് നൽകുന്നതാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ

99(1101) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ നൽകുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(സി) തനതു ഫണ്ടിൽ നിന്നും ബഡ്ജറ്റ് ഫണ്ടിൽ നിന്നും ആനുപാതികമായി പണം കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പൊതു സർവ്വീസ് കേഡർ

100(1102) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി

LIBRARY ARCHIVES Kerala Legislative Assembly